9) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

10) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1013 | 981942 | 982955 | 981942 | 1013 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,466,1715 | ,2,466,1715 | 2,466,1715 | 0 |
| ഇൻസെന്റീവ് | 0 | 3000 | 3000 | 3000 | 0 |
| ആകെ | 1013 | 25646657 | 25647670 | 25646657 | 1013 |

തൊഴിലുറപ്പ് പദ്ധതി വിശദാംശങ്ങൾ

2020- 2021 സാമ്പത്തികവർഷത്തെ MGNREGA – യുടെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/21.05.2022-ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2020-21 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-2639<br>അംഗങ്ങൾ- 3964 |
| 2020-21 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1101<br>തൊഴിലാളികൾ-1258 |
| 2020-21 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-1146<br>തൊഴിലാളികൾ-1337 |
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | - |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | - |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | - |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | - |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | ഇല്ല |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 250 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 1 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | ഇല്ല |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 2085 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 202 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 202 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 60.05 % |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 66116 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഇല്ല |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംപോണന്റ് | 9563586 |
| മെറ്റീരിയൽകംപോണന്റ് | 5098129 |
| ആകെ വരവ് | 24661715 |
| ആകെ ചെലവ് | 24661715 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 359 |
| 80-99 | 98 |

| | |
|---|---|
| 70-79 | 85 |
| 60-69 | 71 |
| 50-59 | 87 |
| 50 ൽ താഴെ | 362 |

തൊഴിൽ ദിനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി അനുമതി ലഭിച്ച പദ്ധതികൾ സർക്കാർ നിർദ്ദേശങ്ങൾ/മാർഗരേഖ പ്രകാരം പൂർത്തിയാക്കി ജനോപകാരപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.04.2022 | 01.08.2021 മുതൽ 31.03.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.10.2020 | 2015-16മുതൽ 2019-20 വരെ | 16.03.2021 |

## 1-10 ഇ-ടെണ്ടർ ഫീസ് തുക ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) 55,298/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട് എന്നും പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല എന്നും ഓഡിറ്റ് എൻക്വയറി നമ്പർ 01/06.06.2022ന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

കൂടാതെ 2020-21 സാമ്പത്തിക വർഷത്തിന് മുമ്പ് വരെ പ്രസ്തുത ഇനത്തിൽ ഒടുക്കിയ 1,68,394/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിക്കാനുണ്ടെന്നും തുക ട്രാൻസ്ഫർ ചെയ്തപ്പോൾ Clerical Mistake കാരണം പ്രസ്തുത തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ടെണ്ടർ ഫോറ വിലയിനത്തിൽ ലഭിക്കുവാനുള്ള തുക പൂർണ്ണമായും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഗ്രാമ പഞ്ചായത്തിൽ ഒടുക്ക വരുത്തേണ്ടതാണ്.

## 1-11 റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു

2020-21 വർഷത്തെ സാംഖ്യ രസീതുകളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന റദ്ദാക്കിയ രസീത് സഞ്ചയയിലെ കളക്ഷനിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Ward No | Door No | Sub No | Owner Details | Receipt ID | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|
| 15 | 200 | A | റജുലാഷാജി(ബൈത്തുല്ഷാജി,കവലയൂർ | 804437 | 120010103063 | 01/03/2021 | 2020 | 1193 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 19/09.06.2022 ന് മറുപടിയിൽ സഞ്ചയ പ്യൂരിഫിക്കേഷൻ നടപ്പാക്കുമ്പോൾ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി - വിവിധ അപാകങ്ങൾ

1)നികുതി ഡിമാന്റ് ചെയ്തിട്ടില്ല .

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ വസ്തു നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1/18 | വിജയൻ | പാർപ്പിടം | 96m$^2$ |
| 2 | 1/44 | ശോഭന | പാർപ്പിടം | 80 M$^2$ |
| 3 | 1/64 | രാധ | പാർപ്പിടം | 80 M$^2$ |
| 4 | 1/83 | മുത്തമ്മ | പാർപ്പിടം | 70 M$^2$ |
| 5 | 1/98 | പുഷ്പലത | പാർപ്പിടം | 62 M$^2$ |
| 6 | 1/150 | പ്രസന്നകുമാരി | പാർപ്പിടം | 90 M$^2$ |
| 7 | 1/219 | ആനന്ദക്കുട്ടൻ | പാർപ്പിടം | 70 M$^2$ |
| 8 | 1/223 | സുധാകരൻ | പാർപ്പിടം | 120 M$^2$ |
| 9 | 1/263. | സരോജിനി | പാർപ്പിടം | 150 M$^2$ |
| 10 | 1/263 | ബിന്ദു | പാർപ്പിടം | 65 M$^2$ |
| 11 | 1/325 | രവികുമാർ | പാർപ്പിടം | 120 M$^2$ |
| 12 | 1/343 | സുനിതകുമാരി | പാർപ്പിടം | 72 M$^2$ |
| 13 | 1/369 | ചന്ദ്രാംഗതൻ | പാർപ്പിടം | 90 M$^2$ |
| 14 | 1/464 | സുദർശൻ | പാർപ്പിടം | 70 M$^2$ |
| 15 | 1/481 | ബാബുക്കുട്ടൻ | പാർപ്പിടം | 70 M$^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 22/10.06.2022 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൽ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)തെറ്റായ ഇളവ് രേഖപ്പെടുത്തി നികുതി ഒഴിവാക്കി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 207(1)(സി) പ്രകാരം സൗജന്യമായി ചികിത്സ ലഭ്യമാകുന്ന ആതുരാലയങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടത്തെയും സ്വകാര്യ ആശുപത്രിയെയും മേൽ വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

| ക്രമ നം | വാർഡ്/കെട്ടിട നം. | ഉടമയുടെ പേര് | ഉപയോഗക്രമം | കെട്ടിടത്തിന് നൽകിയ ഇളവ് |
|---|---|---|---|---|
| 1 | 5/1 | രാഘവൻപിള്ള | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | സൗജന്യമായി ചികിത്സ ലഭ്യമാകുന്ന ആതുരാലയങ്ങൾ (സെ. 207 (1 ( സി ) ) |
| 2 | 6/45 | ചെയർമാൻ, കടുവയിൽ തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ് ആശുപത്രി | ആശുപത്രികൾ | സൗജന്യമായി ചികിത്സ ലഭ്യമാകുന്ന ആതുരാലയങ്ങൾ (സെ. 207 (1 (സി) ) |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 25/10.06.2022 ന് ലഭിച്ച മറുപടിയിൽ പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്(കോവിഡ് പശ്ചാത്തലത്തിൽ കാലാവധി നീട്ടി നൽകിയിട്ടുണ്ട്). കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 2020-21 വർഷം അപേക്ഷയോ, സാക്ഷ്യപത്രമോ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേർ , വിലാസം |
|---|---|---|
| 1 | 1/308 | രാധാമണി, സരസ്വതി ഭവന്,കവലയൂർ |
| 2 | 1/514 | ഭാരതിയമ്മ, കിഴക്കതിൽ വീട്,പാർത്തുകോണം,കവലയൂർ |
| 3 | 2/167 A | സുധീർ ഡി, എസ് എൽ ലാൻറ്,മണമ്പൂർ, |
| 4 | 3/297 | വി.മിനി(മനീഷ് ഭവൻ) |
| 5 | 4/202 | പ്രശോമണി(സുജ ഭവന്,,മണമ്പൂർ |
| 6 | 4/340 | പ്രസന്നകുമാർ(മണമ്പൂർ) |
| 7 | 4/433 | നളിനാക്ഷി(അപ്സര,മണമ്പൂർ |
| 8 | 4/437 | മർഫി . വി . എൻ(ഷർമിളാലയം,മണമ്പൂർ, |
| 9 | 4/612 | ഷാജി(ഉത്രം,മണമ്പൂർ) |
| 10 | 5/526 | സദാനന്ദന്(ശാലിനി ഭവന്,മണന്പൂർ) |
| 11 | 6/435 | ജോതികുമാറ്(രാഗിണി,മണമ്പൂർ) |
| 12 | 6/495 | ഷീല(കൃഷ്ണ നിവാസ്) |
| 13 | 6/724A | ഗോപാലകൃഷ്ണൻ(ഗോവിന്ദം,ചാത്തൻപ്പാറ,തോട്ടയ്ക്കാട് |
| 14 | 8/228 | ആരിഫബീവി, സലിം മന്സില്,തൊട്ടിക്കല്ല് |
| 15 | 8/327 | എസ്.ശിവശങ്കരകുറുപ്പ്(ബി.വി.എസ് ഹൗസ്) |
| 16 | 14/289 | ലൂക്കോസ്പെരെര(മിനിഭവൻ,വെട്ടുകാട്) |
| 17 | 14/396 | അംബിക(അംബികാവിലാസം,വെട്ടുകാട്) |
| 18 | 15/19 | ഹലീമാബീവി(താഹമന്സിത്,കുഴിവാളംകോണം) |
| 19 | 15/136 | അബ്ദുൽ അസീസ്(ഷാബിന മൻസിൽ,കവലയൂർ, |
| 20 | 15/606 | വിഷ്ണു ദത്തൻ(മിസ്പ,കവലയൂർ) |
| 21 | 16/10 | നിര്മ്മല(നവീനം,കവലയൂർ) |
| 22 | 16/69 | പ്രസന്നകു മാരി ഐശ്വര്യം,പാര്ത്തുകോണം) |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 33/15.06.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ

പാലിച്ച് നികുതി ഇളവ് നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

4)വാണിജ്യ കെട്ടിട ത്തിന് തെറ്റായ നികുതി നിർണയം നടത്തി

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 100 മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തു നികുതി 50/- രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാനവസ്തു നികുതി 30/- രൂപ നിരക്കിൽ ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 6/46 | ചെയർമാൻ, കടുവയിൽ തങ്ങൾ ആശുപത്രി | റെസ്റ്റോറന്റ് | 135 $M^2$ |
| 2 | 6/47 | കടുവയിൽ തങ്ങൾ ചാരിറ്റബിൾ ട്രസ്റ്റ് | റെസ്റ്റോറന്റ് | 200 $M^2$ |
| 3 | 9/596 | മുഹമ്മദ് ഇക്ബാൽ, ഷൈല | ഷോപ്പ് | 235 $M^2$ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 24/10.06.2022 ന് ലഭിച്ച മറുപടിയിൽ സഞ്ചയയിലെ മേൽ അപാകത പരിഹരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക അടക്കം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5) പൊളിച്ച് നീക്കിയ കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ച് കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| ക്രമ നം | അപേക്ഷ നം.തീ | കെട്ടിട നം | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|---|
| 1 | A3-101/21 /30.03.2021 | 5/577 A | നാസില | വാണിജ്യ കെട്ടിടം | 22.95 $M^2$ | 2020 ഒന്നാം അർദ്ധവർഷം മുതൽ | 757/- |
| 2 | A6-1345/31.03.2020 | 4/6 | വിശ്വനാഥൻ | ഇതര വ്യവസായം | 60 $M^2$ | 2018 ഒന്നാം അർദ്ധവർഷം മുതൽ | 2636/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 40/16.06.2022 ന് ലഭിച്ച മറുപടിയിൽ അപേക്ഷകൾ മുൻകാലങ്ങളിൽ ലഭിച്ചത് സഞ്ചയയിൽ രേഖപ്പെടുത്തിയതിലെ കാലതാമസം മൂലമാണ് പ്രസ്തുത അപാകത സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുറവ് ചെയ്ത് നൽകിയ തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടാണ്.

6) സഞ്ചയയിലെ ഉപയോഗക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല .

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനായി കെട്ടിട ഉടമ മുപ്പത് ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതും ഫോറം നമ്പർ 2ൽ പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പരിശോധിച്ചതിൽ സഞ്ചയയിലെ ഉപയോഗ ക്രമവും ലൈസൻസ് നൽകിയ ഉപയോഗക്രമവും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | വാർഡ്/കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ഉപയോഗ ക്രമം | ലൈസൻസ് അപേക്ഷകന്റെ പേര് | ലൈസൻസ് ആവശ്യകത |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 14/389 | ഷാജഹാൻ | പാർപ്പിടം | ഷാജഹാൻ | ധാന്യങ്ങൾ പൊടിക്കുന്നതിന് |
| 2 | 3/39 | പ്രവീണ് | കൈത്തൊഴിൽ ഷെഡ് (അടിസ്ഥാന വസ്തുനികുതി നിരക്ക് 10 രൂപ /ച.മീ.) | ഹരിദാസ് | ധാന്യങ്ങൾ പൊടിക്കുന്നതിന് |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/09.06.2022 ന് ലഭിച്ച മറുപടിയിൽ സ്ഥലപരിശോധന നടത്തി സഞ്ചയയിൽ രേഖപ്പെടുത്തിയ അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - പ്രധാന അപാകങ്ങൾ

A)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.2019-20 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട 6,8 എന്നീ വാർഡുകളിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളെ 2020-21 വർഷം ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 8/85 | അക്ഷയ്ദാസ് | മൊബൈൽ ആക്സസറീസ് |
| 2 | 8/77 | ലൈലാബീവി | സ്റ്റേഷനറി |
| 3 | 8/418 | റാഹില | പച്ചക്കറിക്കട |
| 4 | 8/128 | മുഹമ്മദ് സലീം | കാർ,ബൈക്ക് റീസെയിൽ |
| 5 | 6/688 B | സുനിൽരാജ് | ഫർണിച്ചർ |
| 6 | 6/98 | താഹ | ബേക്കറി |
| 7 | 6/696 | നൗഷാദ് | ബേക്കറി |
| 8 | 6/738 | മിനിമോൾ | ഫാൻസി |
| 9 | 6/754 | നിസാമുദ്ദീൻ | ഫർണിച്ചർ |
| 10 | 6/397 | നാസിറുദ്ദീൻ | ടയർ വർക്ക്സ് |

B)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

ലഭ്യമാക്കിയ 2019-20, 2020-21 ലൈസൻസ് രജിസ്റ്ററുകളിലെ 3,4 എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ 2019-20ൽ ലൈസൻസ് എടുത്ത ചുവടെപ്പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാര സ്ഥാപനം |
|---|---|---|---|
| 1 | 4/711 | എൻ ചന്ദ്രബോസ് | പ്രൊവിഷൻ സ്റ്റോർ |

| | | | |
|---|---|---|---|
| 2 | 4/166,167,168 | അഭിഷേക് | ത്രാസ് സെയിൽസ് & സർവീസ് |
| 3 | 4/633 A | ജെസ്റ്റി ജെ | കാറ്ററിങ് സർവീസ് |
| 4 | 4/180 | സുരേന്ദ്രലാൽ | ലാൽ പ്രൊഡക്ട്സ് |
| 5 | 4/178 | കൃഷ്ണ എൽ | - ലാൽ പ്രൊഡക്ട്സ് |
| 6 | 4/78 | അനിത എസ് | ശിവകൃഷ്ണ ട്രേഡേഴ്സ് |
| 7 | 4/429 | സിജു | ഇലക്ട്രോണിക്സ് |
| 8 | 4/51 | സുരേഷ് ജി | റഫ്രിജറേറ്റർ സർവ്വീസിങ് യൂണിറ്റ് |
| 9 | 4/408,703 | ജെയിൻ | ഫർണിച്ചർ |
| 10 | 3/32 | ജോഷി | അക്ഷയ ജനസേവനകേന്ദ്രം |
| 11 | 3/23 | രാജു | ഇലക്ട്രിക്കൽ ഷോപ്പ് |
| 12 | 3/532,533 | സിബു | ക്ലിനിക്കൽ ലബോറട്ടറി |
| 13 | 3/22 | ജലജരാജസേനൻ | ബേക്കറി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/09.06.2022 ന് ലഭിച്ച മറുപടിയിൽ കോവിഡ് പശ്ചാത്തലത്തിൽ വിവിധ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ് .

## 1-14 റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും 2020-21 വർഷത്തേയ്ക്ക് ഫാക്ട്യോസ് ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/09.06.2022 നുള്ള മറുപടിയിൽ ലൈസൻസ് അനുവദിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)എ9-764/2019 ാം നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് സ്പഷ്ടീകരണം ലഭിച്ച സാഹചര്യത്തിൽ പ്രസ്തുത തുകകൾ ഈടാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 270, 271, 1997 -ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിൽ സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ രജിസ്ട്രേഷൻ അനുവദിച്ച താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2020-21 വർഷം രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | പേര് | സ്ഥാപനം |
|---|---|---|
| 1 | ഡോ.ഷമീം ഷുക്കൂർ | ഷിഫാ മൾട്ടി സ്പെഷ്യാലിറ്റി ദന്തൽ ക്ലിനിക് |
| 2 | അഖിൽ ഹംസ | A.H.S. ലബോറട്ടറി |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/09.06.2022 ന് ലഭിച്ച മറുപടിയിൽ ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാൽ മേൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ പുതുക്കി നൽകിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. സ്വകാര്യ ആശുപത്രി, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്. ലൈസൻസില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-16 സ്വകാര്യമാർക്കറ്റ് - ലൈസൻസ് ഫീസ് നിർണ്ണയിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ കവലയൂർ, മണമ്പൂർ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സ്വകാര്യ മാർക്കറ്റുകൾക്ക് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചു നൽകിയിട്ടുണ്ട്. സ്വകാര്യ മാർക്കറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം.18/09.06.2022,റിക്വിസിഷൻ നം.01/16.06.2022). ഗ്രാമപഞ്ചായത്തിലെ പ്രസ്തുത മാർക്കറ്റുകൾ 2002 വർഷം മുതൽ പ്രവർത്തിച്ചു വരുന്നു എന്നാണ് രേഖാമൂലം അറിയിച്ചിട്ടുള്ളത്. 1994 കേരള പഞ്ചായത്ത് രാജ് നിയമം ,വകുപ്പ് 222 , 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും )ചട്ടങ്ങൾ , ചട്ടം 9(3) പ്രകാരം സ്വകാര്യ മാർക്കറ്റുകളുടെ ലൈസൻസ് പുതുക്കിനൽകുമ്പോൾ നിശ്ചിത ഫീസ് ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടതാണ്. 2020-21 വർഷത്തിൽ കവലയൂർ മാർക്കറ്റ് ലൈസൻസ് അപേക്ഷകനായ ശ്രീ.അഷറഫ് 8625/- രൂപയും മണമ്പൂർ മാർക്കറ്റ് ലൈസൻസ് അപേക്ഷകനായ ശ്രീ.സുജാതൻ 9500/- രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ ഒടുക്ക് വരുത്തിയത്. എന്നാൽ ബൈലോയുടെ അഭാവത്തിൽ പ്രസ്തുത തുക നിർണയിച്ചതിന്റെ മാനദണ്ഡം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ് നിർണയവുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 868 നായ്ക്കൾ ഉണ്ടെന്നും ഇവയിൽ 400 എണ്ണം ലൈസൻസ് ഉള്ളവയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 6 വളർത്തു നായകൾക്ക് മാത്രമാണ് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/09.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-18 വിവാഹ ധനസഹായം - സർക്കാർ നിർദ്ദേശം പാലിക്കാതെ തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം | SO014/21 |
| പ്രോജക്റ്റിന്റെ പേര് | വിവാഹ ധനസഹായം |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 600000(വി.ഫ) |

| | |
|---|---|
| ചെലവ് | 525000 |
| ബിൽ | 278/17.02.2021(225000)+254/02.02.2021(300000) |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനാണ് മേൽ പദ്ധതി വിഭാവനം ചെയ്തത് . പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 7 ഗുണഭോക്താക്കൾക്ക് 75000/- രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.7.2.1 പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിക്കുന്നവർക്കാണ് ധനസഹായത്തിന് അർഹത. എന്നാൽ പദ്ധതി ഗുണഭോക്താവായ ശ്രീമതി. സോവി , കാവുവിള പുത്തൻവീട് എന്ന വ്യക്തി സമർപ്പിച്ച വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം മകളുടെ(സുമി എസ്) വിവാഹം നടന്ന തീയതി 11.09.2018 ആണ്. എന്നാൽ പ്രസ്തുത വ്യക്തി ധനസഹായത്തിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചത് 28.01.2021 തീയതിയിൽ മാത്രമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 11/09.06.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-19 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ - ആനുകൂല്യം നൽകിയതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നം | S0140/21 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 164934(വി.ഫ) |
| ചെലവ് | 164934 |
| ബിൽ | 12/11-04-2020 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.7.2.8 പ്രകാരം വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആനുകൂല്യം അനുവദിക്കേണ്ടത്. മേൽ പദ്ധതി 2019-20 വർഷത്തെ സ്പിൽ ഓവർ ആയി നടപ്പാക്കിയതിനാൽ പഠനകാലത്തിന് ശേഷമാണ് വിവിധ വിദ്യാർത്ഥികൾക്ക് പദ്ധതി ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ഉദാഹരണമായി പദ്ധതി ഗുണഭോക്താവായ ജിജി ആർ എന്ന വിദ്യാർത്ഥിനി 2017-19 അക്കാദമിക്ക് വർഷത്തെ സാക്ഷ്യപത്രമാണ് അപേക്ഷയോടൊപ്പം സമർപ്പിച്ചത്. എന്നാൽ ലാപ് ടോപ്പ് ഗ്രാമപഞ്ചായത്തിൽ ലഭിച്ചത് 2020 നവംബർ മാസത്തിൽ മാത്രമാണ് (സ്റ്റോക്ക് രജിസ്റ്ററിൽ ലാപ്ടോപ്പുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയ തീയതി , വിതരണ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല).

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 11/09.06.2022 ന് ലഭിച്ച മറുപടിയിൽ ലാപ്ടോപ്പുകൾ ലഭ്യമാകാൻ കാലതാമസം നേരിട്ടതിനാലാണ് ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യം നൽകാൻ കഴിയാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും ആനുകൂല്യം ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിതരണം ചെയ്യുന്നതിനും നിർവഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പാഥേയം പദ്ധതി- വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | S0025/21 |
| പ്രോജക്ടിന്റെ പേര് | പാഥേയം പദ്ധതി (എസ്.സി.പി) |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 100000(വി.ഫ) |
| ചെലവ് | 100000 |
| ബിൽ | 277/ 17-02-2021 |

1) പാഥേയം എസ്.സി.പി പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയ 100000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ല.

2) ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 28 വ്യക്തികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ പദ്ധതി വിഹിതമായി ഗ്രാമപഞ്ചായത്തിൽ നിന്നും 163520/- രൂപയാണ് ഒടുക്ക് വരുത്തേണ്ടത്(28x365x40x40/100).എന്നാൽ ഗ്രാമപഞ്ചായത്ത് വിഹിതമായി 100000/- രൂപ മാത്രമാണ് ജില്ലാ പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 11/09.06.2022) ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചതായും ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ 100000/- രൂപ മാത്രമാണ് വകയിരുത്തിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതും ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി പദ്ധതി വിഹിതം വകയിരുത്തേണ്ടതുമാണ് .

## 1-21 ന്യൂലൈഫ് ഭവന പദ്ധതി - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | SO182/21 |
| പ്രോജക്റ്റിന്റെ പേര് | ന്യൂലൈഫ് ഭവന പദ്ധതി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 1000000 (400000 ത.ഫ, 200000/- ബ്ലോ.പ 400000 ജി.പ.) |
| ചെലവ് | 830000 (400000ത.ഫ+80000 ബ്ലോ.പ+ 350000 ജി.പ.) |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ന്യൂ ലൈഫ്- സമഗ്രകോളനി നവീകരണം. 2020-21 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ഭവനപുനരുദ്ധാരണത്തിനായി വിവിധ കോളനികളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് മാർഗരേഖ പ്രകാരം വീട് മെയിന്റനൻസിനുള്ള തുകയായ 2 ലക്ഷം രൂപ 4 ഗഡുക്കളായി നൽകേണ്ടതും ഗുണഭോക്താവ് ഗ്രാമപഞ്ചായത്തുമായി കരാർ ചമയ്ക്കുമ്പോൾ ആദ്യ ഗഡു തുകയായ 40000/- രൂപ അനുവദിക്കേണ്ടതുമാണ്. കൂടാതെ ഓരോ നിർമ്മാണഘട്ടവും വി.ഇ.ഒ സർട്ടിഫൈ ചെയ്ത് പ്രസ്തുത വിവരം ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ മേൽ പദ്ധതിയിൽ 5 ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി 70000/- രൂപ വീതവും ഒരാൾക്ക് 80000/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റേജ് സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല. കൂടാതെ പദ്ധതി ഗുണഭോക്താവായ ശ്രീമതി സഫീനയുടെ (W/o. അമീൻ, ലക്ഷം വീട് ) വീട് മെയിന്റനൻസ് നടത്തിയതിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) പ്രോജക്റ്റ് മാർഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകിയശേഷം മെയിന്റനൻസ് പൂർത്തീകരിച്ച വീടുകളുടെ ഫോട്ടോ തയ്യാറാക്കി ഫയലിൽ സൂക്ഷിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ വീടുകളുടെ ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

3)ന്യൂ ലൈഫ് മാർഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ചെയർപേഴ്സനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റിയും വാർഡ് മെമ്പർ ചെയർമാനായുള്ള കോളനി തല പ്രോഗ്രാം ഫെസിലിറ്റേഷൻ കമ്മിറ്റിയും രൂപീകരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 23/10.06.2022 ന് ലഭിച്ച മറുപടിയിൽ കോളനി സ്ഥിതിചെയ്യുന്ന സ്ഥലത്ത് വീട് നിർമ്മാണത്തിന്റെ സാധന സാമഗ്രികൾ എത്തിക്കുന്നതിന് അധിക ചെലവ് വരുന്നതിനാലാണ് അധിക തുക നൽകിയതെന്നും പൂർത്തീകരിച്ച വീടിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 ഭവന പുനരുദ്ധാരണം - രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റ് നം | SO034/21 |
| പ്രോജക്റ്റിന്റെ പേര് | ഭവന പുനരുദ്ധാരണം - ജനറൽ |

| | |
|---|---|
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 1600000 |
| ചെലവ് | 805000 |

ഗ്രാമപഞ്ചായത്തിലെ കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകുന്നതിനാണ് മേൽ പദ്ധതികൾ വിഭാവനം ചെയ്തത്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സ.ഉ.(കൈ) നം.22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ ഖ.6.7.6 പ്രകാരം വീട് മെയിന്റനൻസ് പ്രോജക്ടിന്റെ എസ്റ്റിമേറ്റ് കെട്ടിട ഉടമ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. കൂടാതെ നിലവിൽ അറുപത് ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് അധിക മുറി നിർമ്മാണം അനുവദനീയമല്ല. മേൽ പദ്ധതിയുടെ ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. ആയതിനാൽ 60 ച.മീ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് പദ്ധതി തുക ചെലവഴിച്ചത് എപ്രകാരമെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ കെട്ടിട ഉടമസ്ഥ സാക്ഷ്യപത്രത്തിൽ കെട്ടിടത്തിന്റെ വിസ്തീർണം രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ആനുകൂല്യം നൽകിയ 60 ച.മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | കെട്ടിട നം | വിസ്തീർണം($m^2$) |
|---|---|---|---|
| 1 | ശശി കെ | 10/354 | 92 |
| 2 | രേഖ | 15/424 A | 68 |

2)സബ്സിഡി മാർഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താവിന് മേൽ മാനദണ്ഡം പാലിക്കാതെ തുക അനുവദിച്ചു നൽകി.

| ഗുണഭോക്താവ് | കെട്ടിട നം | അപാകത |
|---|---|---|
| രേഖ, കൊച്ചു കല്ലയിൽ വീട് | 15/424 A | കെട്ടിടത്തിന്റെ നികുതി നിർണയിച്ചത് 2014 ഒന്നാം അർദ്ധ വർഷം മുതലാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം പ്രകാരം കെട്ടിടത്തിന്റെ കാലപ്പഴക്കം 6 വർഷമാണ്. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 26/13.06.2022 ന് ലഭ്യമായ മറുപടിയിൽ കെട്ടിടത്തിന്റെ വിസ്തീർണം പരിശോധിച്ച ശേഷമാണ് തുക അനുവദിച്ചതെന്നും അധിക മുറി നിർമ്മാണം നടത്തിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. ക്രമ നം.2 പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരം പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിലെ കാലതാമസം മൂലമാണ് കാലപ്പഴക്കം സഞ്ചയയിൽ തെറ്റായി കാണപ്പെട്ടതെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- തുക പൂർണമായും അനുവദിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | S0032/21 |
| പ്രോജക്ടിന്റെ പേര് | സ്നേഹ സ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| നിർവഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 741000(370500വി.ഫ.+185250 ബ്ലോ.പ+18525 ജി.പ) |
| ചെലവ് | 678375(370500+185250+122625) |

സ.ഉ.(കൈ) നം. 22/2018/തസ്വഭവ, തീ.14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസയാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രയ്ക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പ്രതിവർഷം 28500/- രൂപ അനുവദിക്കാവുന്നതാണ്. മേൽ പ്രോജക്ടിൽ 25 ഗുണഭോക്താക്കളിൽ 13 പേർക്ക് 25875/- രൂപ വീതം മാത്രമാണ് അനുവദിച്ചിട്ടുള്ളത്.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/09.06.2022 ന് ലഭിച്ച മറുപടിയിൽ

ജില്ലാ പഞ്ചായത്ത് വിഹിതം പൂർണമായും ലഭിക്കാത്തതിനാലാണ് തുക അനുവദിക്കാത്തത് എന്നാണ് അറിയിച്ചത്. സ.ഉ.(കൈ) നം. 11/2018/തസ്വഭവ, തീ.29.01.2018 പദ്ധതി മാർഗരേഖ ഖണ്ഡിക 5.2.1(4)] പ്രകാരം വികസന ഫണ്ടിൽ നിന്നും നിർബന്ധമായി നീക്കി വെക്കേണ്ട ഇനമാണ് ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും. തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പിന്റെ 21.04.21-ലെ ഡി എ 1/401/2019-നമ്പർ സർക്കുലർ പ്രകാരം മേൽ പദ്ധതിയ്ക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 25.01.19- ലെ ഡി.എ.1/19/2019/തസ്വഭവ നം. സർക്കുലർ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മുഴുവൻ സ്കോളർഷിപ്പും ബത്തയും എല്ലാ മാസവും കൃത്യമായി നൽകുന്നതിനും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖേന പഞ്ചായത്തിന് കൈമാറുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കായി മതിയായ തുക മാറ്റിവെക്കുന്നുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ /സി.ഡി.പി.ഒ എന്നിവർ ഉറപ്പുവരുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ മുഴുവൻ തുകയും വിതരണം ചെയ്യാൻ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 അംഗണവാടികളിൽ ഉപകരണങ്ങൾ വാങ്ങൽ - വിവിധ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം | SO0146/21 |
| പ്രോജക്ടിന്റെ പേര് | ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഓഫീസ് അംഗനവാടികളിൽ ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1,52,170/- (മെ.റോഡിതരം) |
| ചെലവ് | 1,38,834/- |
| ബിൽ നം | 23/11-04-2020 |

ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഓഫീസിലും അംഗണവാടികളിലും ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(സാധാ)നം.49/2019/എസ്.പി.ഡി തീ.14.11.2019 പ്രകാരം സിഡ്കോ നിർമ്മിച്ച തടി, സ്റ്റീൽ ഹോസ്പിറ്റൽ ഫർണീച്ചർ എന്നിവ മാത്രമാണ് ടെൻഡർ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുമതി നൽകിയിട്ടുള്ളത്. മറ്റ് ഇനങ്ങൾ 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ടെൻഡർ മുഖേന വാങ്ങൽ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സിഡ്കോ നിർമ്മിക്കാത്ത പ്ലാസ്റ്റിക് കസേരകൾ (നീൽകമൽ) ടെൻഡർ കൂടാതെ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം.SMCTVM/19-20/58 തീ.30.01.2020, 590*73 = 43070/-രൂപ + GST).

2) മേൽ പ്രോജക്ട് പ്രകാരം സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ നിന്നും 40000/- രൂപയ്ക്ക് 194 പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. മേൽ സ്പിൽ ഓവർ പ്രോജക്ടിൽ പുസ്തകങ്ങൾ വാങ്ങുന്നതിനായി തുക വകയിരുത്തിയിട്ടില്ല. പുസ്തകങ്ങൾ വാങ്ങിയ ഇൻവോയിസിൽ തീയതി, ആരുടെ പേരിലാണ് പുസ്തകങ്ങൾ നൽകിയത് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3) പുസ്തകങ്ങൾ കരിയർ ഗൈഡൻസ് ആവശ്യത്തിനായി സൂക്ഷിച്ചിട്ടുണ്ട് എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പുസ്തകങ്ങളുടെ വിതരണ രജിസ്റ്ററിൽ 01.11.2021 മുതൽ പുസ്തകങ്ങൾ വിതരണം ചെയ്തതായും തിരികെ കൈപ്പറ്റിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പുസ്തക വിതരണത്തിന്റെ മാനദണ്ഡം, കമ്മിറ്റി തീരുമാനം, അപേക്ഷ, ബൈലോ എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/09.06.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനായി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമാവലി തയ്യാറാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-25 അംഗണവാടികളിൽ കസേര വാങ്ങൽ - ടെൻഡർ നടപ്പാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം | SO051/21 |
| പ്രോജക്ടിന്റെ പേര് | അംഗണവാടികളിൽ കസേര വാങ്ങൽ |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 200000/- (മെ.റോഡിതരം) |

| | |
|---|---|
| ചെലവ് | 1,99,563/- |
| ബിൽ നം | 309/12-03-2021 |

അംഗണവാടികളിൽ പ്ലാസ്റ്റിക് കസേര വാങ്ങുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും 199563/-രൂപയ്ക്ക് കസേര വാങ്ങിയിട്ടുണ്ട്. സ.ഉ(സാധാ)നം.49/2019/എസ്.പി.ഡി തീ.14.11.2019 പ്രകാരം സിഡ്കോ നിർമ്മിച്ച തടി, സ്റ്റീൽ, ഹോസ്പിറ്റൽ ഫർണിച്ചർ എന്നിവ മാത്രമാണ് ടെൻഡർ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാൻ അനുമതി നൽകിയിട്ടുള്ളത്. മറ്റ് ഇനങ്ങൾ 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ടെൻഡർ മുഖേന വാങ്ങൽ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സിഡ്കോ നിർമ്മിക്കാത്ത 258 പ്ലാസ്റ്റിക് കസേരകൾ(നീൽകമൽ) ടെൻഡർ കൂടാതെയാണ് മേൽ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ളത് (ഇൻവോയ്സ് നം.TVM/20-21/362 തീ.09.02.2021)

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/09.06.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ കർശനമായും പാലിച്ച് പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-26 അംഗണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 23 അംഗണവാടികളാണ് പ്രവർത്തിക്കുന്നത്. വിവിധ അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളിൽ ചുവടെച്ചേർക്കുന്ന അപര്യാപ്തതകൾ നിലനിൽക്കുന്നുണ്ട്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. മേൽ ഉത്തരവിന്റെ ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. വിശദാംശം ചുവടെ ചേർക്കുന്ന (അവലംബം എൻക്വയറി നം.12/08.06.22 മറുപടി)

| ക്രമ നം. | ഇനം | അംഗണവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 3 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 2 |
| 4 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 23 |
| 5 | റോഡിന് സമീപത്ത് അല്ലാത്തവ | 1 |
| 6 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 1 |
| 7 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 21 |
| 8 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 4 |
| 9 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ നെയിം ബോർഡില്ലാത്തവ | 23 |
| 10 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 22 |
| 11 | ഫയൽ റാക്ക് ഇല്ലാത്തവ | 21 |
| 12 | പരാതിപ്പെട്ടി ഇല്ലാത്തവ | 7 |

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ണ്ഡിക 3.3.3.l പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ്

ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി നാളിതുവരെ രൂപവത്ക്കരിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.12/08.06.2022 ന ലഭ്യമാക്കിയ മറുപടിയിൽ കമ്മിറ്റി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കമ്മിറ്റി രൂപീകരിക്കാനും കൃത്യമായി യോഗം ചേർന്ന് അങ്കണവാടി പ്രവർത്തനം മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-27 ജാഗ്രത സമിതി - സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സ്ത്രീകളും പെൺകുട്ടികളും സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ജാഗ്രത സമിതികൾ.ജി.ഒ(എം.എസ്) നം.31/07 സ.ക്ഷേ.വ തീ.23.06.2007 ഉത്തരവ് പ്രകാരമുള്ള മാർഗരേഖ ഭാഗം 1.7 പ്രകാരം ജാഗ്രത സമിതി ഓഫീസ് സജ്ജീകരിക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജാഗ്രത സമിതി ഓഫീസിൽ കേസിന്റെ സിറ്റിംഗിനുള്ള സ്വകാര്യത ഉണ്ടാകണമെന്നും സ്വതന്ത്ര സംഭാഷണം നടത്താനുള്ള സൗകര്യം ഉണ്ടാകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഓഫീസ് പുറമേ നിന്ന് കാണത്തക്കവിധം ആസ്ഥാനത്തിന്റെ ബോർഡ് സ്ഥാപിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജാഗ്രത സമിതി ഓഫീസ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/09.06.2022 ന് ലഭിച്ച മറുപടിയിൽ ഓഫീസ് റൂം സജ്ജീകരണത്തിനായി ഗ്രാമപഞ്ചായത്തിൽ അറിയിപ്പ് നൽകിയിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ മാർഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ജാഗ്രത സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- രേഖകൾ ഹാജരാക്കിയില്ല. 2,25,264/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (147/21) |
| അടങ്കൽ തുക | 2,40,000/- (വി.ഫ.- എസ്.സി.പി.) |
| ചെലവ് തുക | 2,25,264/- |
| ബിൽ നമ്പർ,തീയതി, തുക | 1/20-21 തീ.21.04.2020, 2,25,264/- |

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം 48 പട്ടികജാതി യു.പി. വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ടെണ്ടർ ക്ഷണിച്ചതു പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് (4,693/- രൂപ)ക്വാട്ട് ചെയ്ത മേലങ്ങാടി ടിംബേഴ്സ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നാണ് 48 വീതം മേശയും കസേരയും വാങ്ങിയിട്ടുണ്ട്. അതിനായി 2,25,264/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന ന്യൂനതകൾ കാണുന്നു.

I) വില്ലേജ് ഓഫീസിൽ നിന്നുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്, പട്ടികജാതി വകുപ്പിൽ നിന്നും ടി. വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യ പത്രവും അപേക്ഷകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. വിവിധ സ്കൂളുകളിലെ എച്ച്. എം. മാരാണ് വിദ്യാർത്ഥികൾ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവരെന്നും, മുമ്പ് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്നും സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

II) 48 വിദ്യാർത്ഥികൾക്കായി ഫർണിച്ചർ വാങ്ങിയെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 47 പേർക്കാണ് ഫർണിച്ചർ വിതരണം ചെയ്തിട്ടുള്ളത്. വിതരണ രജിസ്റ്റർ പേജ് നം.73 ൽ രണ്ടാമത്തേതിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല.

III) സപ്ലിമെന്ററി ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ പേരുള്ള 36 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത 11 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. റിച്ചി.എസ്., C/o സുരേഷ്, ചരുവിള , കാരൂർക്കോണം

2. നന്ദന.എൻ.കെ., കാട്ടിൽ പുത്തൻവീട്, തോട്ടക്കാട്

3. ബാലാജി.എസ്. C/o ശശിധരൻ, കുഴിവിള വീട്

4. അഖിൽ.ഡി., പുന്നക്കാട്ട്കോണം ചരുവിള പുത്തൻവീട്

5.സുധീഷ്.എസ്. C/o സുരേഷ്, പുന്നവിള വീട്

6.കൃഷ്ണ, C/o കൊച്ചനിയൻ, കുഴിവിള വീട്

7. ശ്യാംജിത്ത്, C/o ശ്യാമള, ശാലിനി ഭവൻ

8. പ്രസാദ്, C/o പ്രദീപ്, പി.എസ് നിവാസ്

ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തതും അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു

1. ദയ ഉദയൻ, C/o ഉദയകുമാർ, ഉദയാഭവൻ

2. കൃഷ്ണകുമാർ, C/o കൃഷ്ണൻകുട്ടി, ഭാസ്കർ കോളനി

3. അതുല്യ മോൾ. എസ്.എം., വിളയിൽ വീട്, കൊടുങ്ങുക്കിക്കുന്ന്

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.3716.06.2022) നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയോ അനുബന്ധ രേഖകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുകയായ 2,25,264/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ സൂചിപ്പിച്ച 11 വിദ്യാർത്ഥികളുടെ പേരുള്ള സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റ്, മൂന്ന് വിദ്യാർത്ഥികളുടെ അപേക്ഷയും അനുബന്ധ രേഖകളും, വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (23/21 ) |
| അടങ്കൽ തുക | 2,40,000/- (വി.ഫ.- എസ്.സി.പി.) |
| ചെലവു തുക | 2,35,000/- |
| ബിൽ നമ്പർ, തീയതി, തുക | 3/20-21, 6.03.2021, 2,35,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട 48പട്ടികജാതി യു.പി. വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരുന്നത്. ARTCO യിൽ നിന്നും 5000/- രൂപ നിരക്കിൽ 47 വീതം മേശയും കസേരയും വാങ്ങി വിതരണം ചെയിതിട്ടുണ്ട്. ആയതിലേയ്ക്കായി ആകെ 2,35,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

11.09.2020 ലെ ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനം I(iv) പ്രകാരം മേൽ പ്രോജക്ടിന്റെ( 23/21) വാർഡ് തല സമിതി കൂടി മുൻഗണനാ പ്രകാരം തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ആണ് നിർവ്വഹണോദ്യാഗസ്ഥന് നൽകിയത് (കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ഗ്രാമസഭ വിളിച്ച് ചേർക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ). സർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ടി. ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടുന്നതിനും കമ്മിറ്റി തീരുമാനിച്ചിരുന്നു. ആയതു പ്രകാരം ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/16.06.2022) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-30 കന്നുകുട്ടി പരിപാലനം - അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 20/21 |
| പ്രോജക്റ്റിന്റെ പേര് | കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 3,00,000/- |
| ചെലവ് | 3,00,000/- |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| എ.സി.ആർ. ബിൽ നം. | 26/20-3-21 തുക 3,00,000/- |
| ഓഡിറ്റ് എൻക്വയറി നം | 17/9-6-22 |
| നിർവ്വഹണോദ്യോഗസ്ഥ | വെറ്ററിനറി സർജൻ |

4-6 മാസം പ്രായമായ കന്നുകുട്ടികൾക്ക് സബ്സിഡി തുക തീരുന്നതു വരെയോ ആദ്യ പ്രസവം വരെയോ (ഏതാണോ ആദ്യം) തീറ്റ നൽകുന്നതിനായാണ് മേൽ പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്. വിവിധ സംഘങ്ങളിൽ നിന്നുമാണ് കാലിതീറ്റ നൽകുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

എ . മേൽ ബിൽ പ്രകാരം 3,00,000/- ലക്ഷം രൂപ എസ്.എൽ.ബി.പി. ക്കു കൈമാറിയിട്ടുണ്ട്. 2/6/22 തിയ്യതിയിലെ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 2,12,717/- രൂപ വിനിയോഗിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കി തുകയുടെ (87,283/-) വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ എൻക്വയറിക്ക് മറുപടിയായി പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുമ്പോൾ പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2. പദ്ധതിയിലെ ഒരു ഗുണഭോക്താവായ മിനി. ബി എസ്, ശാന്താ ഭവൻ, ചാത്തൻ പാറ എന്ന വ്യക്തിയുടെ അപേക്ഷ/ രേഖകൾ പരിശോധിച്ചതിൽ ടിയാൾക്ക് പ്രതിമാസം 34,548/- രൂപ വരുമാനമുണ്ടെന്നും സംസ്ഥാന സർക്കാർ ജീവനക്കാരിയാണെന്നും റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 20-21 വർഷത്തെ ടിയാളുടെ വരുമാനം തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കാതെയാണ് ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. സമൂഹത്തിലെ താഴെക്കിടയിലുള്ളവർക്ക് ലഭ്യമാകേണ്ട ആനുകൂല്യം ഭേദപ്പെട്ട ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരിക്ക് നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി വ്യക്തിയുടെ റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചതെന്നാണ് മറുപടി നൽകിയത്. ഗുണഭോക്താക്കളുടെ വരുമാന സർട്ടിഫിക്കറ്റ് വാങ്ങാതെയും വാർഷിക വരുമാന പരിധി ഉറപ്പ് വരുത്താതെയും ഇത്തരത്തിൽ ആനുകൂല്യം നൽകുന്നത് ഉചിതമല്ല . അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

4 . പദ്ധതി പ്രകാരം നസീഹത്ത് , നാദിർ ഷാ മൻസിൽ കുളമുട്ടം എന്ന ഗുണഭോക്താവിന് 12500/- രൂപ സബ്സിഡി ഇനത്തിൽ പദ്ധതി പ്രകാരം കൈമാറിയിട്ടുള്ളതാണ്. എന്നാൽ കുളമുട്ടം സഹകരണസംഘത്തിന്റെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൾ ആകെ മൂന്നു തവണ മാത്രമാണ് തീറ്റ വാങ്ങിയിരിക്കുന്നത്. ടിയാൾക്കായി നൽകിയ തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 എ ബി സി പദ്ധതി - വിനിയോഗ സാക്ഷ്യപത്രം പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | തെരുവുനായ്ക്കളുടെ ജനന നിയന്ത്രണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ | 21/21 |
| അടങ്കൽ | 3,00,300/- (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 3,00,300/-( വികസന ഫണ്ട് - ജനറൽ) |

| | |
|---|---|
| ബിൽ നം/വൗച്ചർ നം | 02/8-1-20 -3,00,300/- |
| ഓഡിറ്റ് എൻക്വയറി | 17/9-6-22 |

ഗ്രാമപഞ്ചായത്തിലെ, അലഞ്ഞു തിരിയുന്ന തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി പിടിച്ച സ്ഥലത്തു തന്നെ തിരിച്ച് വിടുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. 143 തെരുവ് നായ്ക്കൾക്കാണ് പദ്ധതി പ്രകാരം വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിയിട്ടുള്ളത്. തെരുവു നായ്ക്കളെ പിടിക്കുന്നവർക്കുള്ള കൂലി, വണ്ടി വാടക, ഓപ്പറേഷനുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ, അവർക്കുള്ള ആഹാരം, മരുന്ന് എന്നിവയ്ക്കാണ് പ്രോജക്ടിൽ തുക വക കൊള്ളിച്ചിട്ടുള്ളത്. ഇതിലേക്കായി നായ ഒന്നിന് 2100/- രൂപ വകയിരുത്തി 3,00,300/-രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറി. 27-08-2016 ലെ 45151/RC3/2014/LSGD നമ്പരായ സർക്കുലറിലെ ഖണ്ഡിക നമ്പർ അഞ്ച് പ്രകാരം എ.ബി.സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി-റാബീസ് വാക്സിനേഷൻ, ആർ.എഫ്.ഡി കോളർ സ്ഥാപിക്കൽ, Deworming, നായയ്ക്ക് അഞ്ച് ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടു വിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സ്റ്റെറിലൈസേഷൻ സർജറി നടത്തിയതിന്റെ വിവരം, നായകളെ പിടിച്ച തീയതിയും തിരികെ വിട്ടതിന്റെ തീയതികളും മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്. സർക്കുലറിൽ നിഷ്കർഷിക്കുന്ന മറ്റ് ഇനങ്ങൾ ചെയ്തതത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. ഈ പ്രവർത്തനങ്ങളുടെ ഫലമായി പഞ്ചായത്തിലെ തെരുവുനായ്ക്കളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോയെന്ന വിഷയംകൂടി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ എന്നതിലും വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതി ദീർഘകാല അടിസ്ഥാനത്തിൽ ചെയ്താൽ മാത്രമേ ലക്ഷ്യം കൈവരിക്കുകയുള്ളൂ എന്നും ഒന്നോ രണ്ടോ വർഷം നിശ്ചിത സമയത്ത് വളരെ കുറവ് നായക്കൾക്ക് മാത്രം വന്ധീകരണം ചെയ്തുകൊണ്ട് പ്രയോജനം ഇല്ല എന്നാണ് മറുപടി അറിയിച്ചിരിക്കുന്നത്.

2. 2017-18, 2018-19, 2019-20 വർഷങ്ങളിലായി യഥാക്രമം 199500, 300300, 300300 എന്നിങ്ങനെ എ.ബി.സി. പദ്ധതിക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും 2020, 2021 വർഷങ്ങളിലെ സ്റ്റാറ്റസ് റിപ്പാർട്ടിൽ വന്ധീകരണം നടത്തിയവ ഇല്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതാണ്.

## 1-32 ഗുണഭോക്താക്കളുടെ അർഹത പരിശോധനക്ക വിധേയമാക്കാതെ ആനുകൂല്യം അനുവദിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 47/21 |
| പ്രോജക്റ്റിന്റെ പേര് | ആട്ട വളർത്തൽ പദ്ധതി - വനിത |
| അടങ്കൽ | 3,20,000/- |
| ചെലവ് | 2,40,000/- |
| ഫണ്ടിനം | എസ് സി പി ,ഗുണഭോക്തൃ വിഹിതം |
| എ സി ആർ ബിൽ നം | 10/22-12-20 - 84,000/-<br>269/16-2-20- 72,000/-<br>317/13-3-21 - 12,000/-<br>332/19-3-21- 12,000/-<br>വൌച്ചർ നം 22000851/19-3-21 തുക -4,000/-<br>വൌച്ചർ നം 22000831/6-3-21 തുക -24,000/-<br>വൌച്ചർ നം 22000680/11-1-21 തുക -28,000/-<br>വൌച്ചർ നം 22000864/23-3-21 തുക -4,000/- |
| ഓഡിറ്റ് എൻക്വയറി | 17/9-6-22 |

പദ്ധതി പ്രകാരം രമ സി, W/o ശങ്കു, പുളിമൂട്ടിൽ ഹൗസ് പയ്യിർകോണം, ചാത്തൻപാറ എന്ന ഗുണഭോക്താവിന് ആടിനെ വിതരണം ചെയ്തു ശ്രീമതി സജിത, W/o. ശങ്കു, പുളിമൂട്ടിൽ ഹൗസ്, പയ്യിർകോണം, ചാത്തൻപാറ എന്നവരാണ്. രേഖകൾ പ്രകാരം രമ എന്നവരുടെ മകളാണ് സജിത . ഇത് കുടുംബാംഗങ്ങൾ തമ്മിൽ നടന്ന ക്രയവിക്രയമായിട്ടാണ് കാണുന്നത്. പദ്ധതി വിഭാവനം ചെയ്തത് പ്രകാരമുള്ള വാങ്ങൽ പ്രക്രിയ നടന്നതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലും ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-33 കൂലി ചെലവ് സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം പാടശേഖരസമിതിക്കു നൽകി

| | |
|---|---|
| പ്രോജക്റ്റ് നം | 143/21(so) |
| പ്രോജക്റ്റിന്റെ പേര് | രണ്ടാംവിള നെൽകൃഷി വികസനം |
| അടങ്കൽ | 3,40,000/- |
| ചെലവ് | 3,40,000/- |
| ഫണ്ടിനം | ജില്ലാ പഞ്ചായത്ത് വിഹിതം ( നേരിട്ട് നൽകിയത്) |
| ബിൽ നം 3/19-5-20 | 3,40,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| പ്രോജക്റ്റ് നം | 53/21(so) |
| പ്രോജക്റ്റിന്റെ പേര് | കേദാരം -ഒന്നാം വിള നെൽകൃഷി വികസനം |
| അടങ്കൽ | 14,18,000/- |
| ചെലവ് | 14,18,000/- (3,40,000/- ബ്ലോക്ക് വിഹിതം, 2,88,000/- വികസന ഫണ്ട് ജനറൽ, 3,40,000/- ജില്ലാ പഞ്ചായത്ത് വിഹിതം, 4,50,000/- മറ്റുള്ളവ) |
| ഫണ്ടിനം | പ്ലാൻ ഫണ്ട്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം (നേരിട്ട് നൽകിയത്) , മറ്റുള്ളവ. |

മേൽ പദ്ധതികൾ പ്രകാരം ഒന്നാം വിള , രണ്ടാം വിള, നെൽകൃഷികൾക്കുള്ള കൂലി ചെലവ് സബ്സിഡി ആയി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് വിവിധ പാടശേഖര സമിതികൾക്ക് നൽകുകയും പാടശേഖര സമിതികൾ കർഷകർക്ക് തുക പണമായി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട് .

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു .

ക്രമ നം. ഒന്ന് പദ്ധതി പ്രകാരം കവലയൂർ പാടശേഖര സമിതി, നെല്ലൂർ പാടശേഖര സമിതി, മണമ്പൂർ ഏല പാടശേഖര സമിതി എന്നിവയ്ക്ക്, രണ്ടാം വിള നെൽകൃഷികൾക്കുള്ള കൂലി ചെലവ് സബ്സിഡി ആയി ജില്ലാ പഞ്ചായത്ത് വിഹിതമായി യഥാക്രമം 187000 , 76500 , 76500 (ആകെ 3,40,000/-) എന്നിങ്ങനെയും. ക്രമ നം രണ്ട് പദ്ധതി പ്രകാരം ഒന്നാം വിള നെൽകൃഷിക്കുള്ള കൂലി ചെലവ് സബ്സിഡി ആയി കവലയൂർ പാടശേഖര സമിതി, നെല്ലൂർ പാടശേഖര സമിതി, മണമ്പൂർ

ഏല പാടശേഖര സമിതി എന്നിവയ്ക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി യഥാക്രമം 187000, 76500, 76500 (ആകെ 3,40,000/-) എന്നിങ്ങനെയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി കവലയൂർ പാടശേഖര സമിതി, നെല്ലൂർ പാടശേഖര സമിതി, മണമ്പൂർ ഏല പാടശേഖര സമിതി എന്നിവക്ക് യഥാക്രമം 187000, 76500, 76500 എന്നിങ്ങനെയും (ആകെ 340000) നല്കിയിട്ടുണ്ട്. പാടശേഖര സമിതിയുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുക കർഷകർക്ക് നേരിട്ട് പണമായി നൽകുകയും തുക വിതരണം നടത്തിയതിന് കർഷകർ ഒപ്പിട്ട് നൽകിയ സ്റ്റേറ്റ്മെന്റ് (കൃഷി ഓഫീസർ സാക്ഷ്യ പ്പെടുത്തിയത്) ഫയലിൽ വക്കുകയും ചെയ്തിട്ടുണ്ട്. കൃഷി ചെയ്ത കർഷകരുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക നേരിട്ട് കൈമാറുന്നതിനു പകരം പാടശേഖരസമിതിക്ക് തുക നൽകി ടിയാരെ കൊണ്ട് തുക പണമായി കർഷകർക്ക് വിതരണം നടത്തിയത് ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.39/16-6-22 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിനും ലഭ്യമായ ചുരുങ്ങിയ സമയത്തിനുള്ളിൽ ഫണ്ട് ചെലവഴിക്കുന്നതിനും എല്ലാ കർഷകരുടെയും അക്കൗണ്ട് വിവരങ്ങൾ സാംഖ്യയിൽ മാപ് ചെയ്യാൻ കഴിയാത്തതിനാലാണ് പാടശേഖര സമിതിക്ക് കൈമാറിയതെന്നാണ് അറിയിച്ചിരിക്കുന്നത്. കൃഷി ചെയ്ത കർഷകർക്കുള്ള തുക നേരിട്ട് കർഷകരുടെ അക്കൗണ്ടിൽ നൽകാതെ സബ്സിഡി തുക മൂന്നാമതൊരു കക്ഷിയുടെ അക്കൗണ്ടിൽ നൽകി ടിയാരെ കൊണ്ട് കർഷകർക്ക് നേരിട്ട് പണമായി നൽകിയത് ശരിയായ നടപടിയല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-34 വിനിയോഗ വിവരം ലഭ്യമല്ല - 5,77,573/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകകളുടെ വിനിയോഗവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല .

| പദ്ധതി നമ്പർ | പദ്ധതി | സ്ഥാപനം | ഫണ്ടിനം | ബിൽ നമ്പര്/ | ചെലവ് തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|---|
| 168/21 | ബയോ മെഡിക്കൽ വേസ്റ്റ് | ശുചിത്വ മിഷൻ, ജില്ലാ കോ ഓർഡിനേറ്റർ | സി.എഫ്. സി. (ടൈഡ്) | എ സി ആർ ബിൽ നം 149/28-9-20 | 100000 | വിനിയോഗ സാക്ഷ്യ പത്രം |
| 5/21 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) | എ സി ആർ ബിൽ നം334/20-3-21 | 289174 | കേരള വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ,തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം , |
| 142/21 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | കെ എസ് ഇ ബി | വികസന ഫണ്ട് | എ സി ആർ ബിൽ നം.14/11-4-20 | 92321 | കെ എസ് ഇ ബിയുമായി ഏർപ്പെട്ട കരാർ,തുകയുടെ വിനിയോഗം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം |
| എ സി ആർ ബിൽ നം-14/11-4-21 | ഐ കെ എം വിഹിതം | ഐ കെ എം | വികസന ഫണ്ട് | എ സി ആർ ബിൽ നം-138/8-9-20 | 96078 | വിനിയോഗ സാക്ഷ്യ പത്രം |

പരാമർശ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയതു വരെ ചെലവു തുക 5,77,573/- രൂപ തടസ്സത്തിൽ വക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 തെരുവ് വിളക്ക് പരിപാലനം - അപാകങ്ങൾ

A

| പ്രോജക്റ്റ് നം | 163/21 (SPILL OVER | 7/21 (SPILL OVER |
|---|---|---|

| | | |
|---|---|---|
| | PROJECT) | PROJECT) |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്കു മെയിൻ്റനൻസ് കൂലി നൽകൽ | തെരുവ് വിളക്കു മെയിൻ്റനൻസ് കൂലി നൽകൽ |
| അടങ്കൽ | 1,50,000/- തനത് ഫണ്ട് | 2,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1,49,708/- തനത് ഫണ്ട് | 73,500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം | 2 | 253/1-2-21-36,750/- 290/1-3-21-7,000/- 330/17-3-21-29,750/- |

തെരുവ് വിളക്കുകളുടെ മെയിൻ്റനൻസിന് ദിവസ വേതനാടിസ്ഥാനത്തിൽ ആളിനെ നിയമിച്ച് ഒരു ദിവസം 1750/- രൂപ നിരക്കിൽ നൽകുന്നതിനാണ് പദ്ധതികൾ പ്രകാരം വിഭാവനം ചെയ്യുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കണ്ടു .

1 . പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/ 2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഇ)നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള ഒരു പരാതി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2) വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് ബെസ്റ്റ് & സേഫ് എന്ന സ്ഥാപനത്തിന് തുക നല്കുന്നത്. ഈ കണക്കുകളിൽ എന്നാണ് പ്രവൃത്തി നടത്തിയതെന്നെന്ന് വ്യക്തതയില്ല. ഏതാനം ഇലക്ട്രിക്ക് പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധിക്കുന്നതിനാവശ്യമായ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

3) കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെയേല്പിക്കുന്നതിന്റെയും അവ റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നതിന്റെയും വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറി നം.45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 തിയ്യതിയിലെ ജി-2 44274/2015 നം ഉത്തരവ് പ്രകാരം ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതതു ദിവസം പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ ഉ(സാ ധാ)നം2134/2015ത സ്വ ഭ വ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ (Utilisation Certificate Not Produced) സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

4) തെരുവ് വിളക്കുകളുടെ മെയിൻ്റനൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല. സെക്രട്ടറിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റില്ല.

7) ക്രമ നം 1 പദ്ധതി പ്രകാരം 414 എൽ ഇ ഡി ബൾബുകൾ മെയിൻ്റനൻസ് നടത്തിയതിനാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ വൗച്ചർ നം 22000155/18-6-20 പ്രകാരമുള്ള 54,380/- രൂപയുടെ ചെലവു രേഖ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് ബാക്കി ചെലവു വിവരങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ് .

8) ക്രമ നം 2 പദ്ധതിയിൽ തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട BEST AND SAFE എന്ന സ്ഥാപനത്തിനെ അംഗീകരിച്ച കമ്മറ്റി തീരുമാനം ഫയലിലില്ല .

9) ക്രമ നം 2 പദ്ധതിയിൽ സ്ഥാപനത്തെ തെരഞ്ഞെടുത്ത സെലക്ഷൻ നോട്ടീസ് ഫയലിലില്ല. ഫയലിൽ ലഭ്യമായത് 2019 ലേതാണ് .

10) ക്രമ നം 2 പദ്ധതിയിലെ കരാർ ഖണ്ഡിക 4 പ്രകാരം ഇലക്ട്രീഷ്യൻ ഒരു ദിവസം 15 എണ്ണം തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടതും അവ അതത് ദിവസം മെമ്പറിനെ തിരിച്ചേൽപിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി 628 ബൾബുകൾ മാറ്റിയിട്ടതായുള്ള വാർഡു മെമ്പർമാരുടെ സാക്ഷ്യ പത്രം ഉണ്ട്. കരാറുകാരൻ വാറന്റി കാലാവധി കഴിയുന്നതിന് മുമ്പ് കേടാകുന്ന തെരുവുവിളക്കുകൾ പഞ്ചായത്തിൽ തിരികെയേല്പിക്കുന്നതിന്റെയും അവ റീപ്ലേസ് ചെയ്തു കിട്ടുന്നതിന് നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നതിന്റെയും വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറി നം.45ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 തിയ്യതിയിലെ ജി-2 44274/2015 നം ഉത്തരവ് പ്രകാരം ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാതു

ദിവസം പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നുവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം2134/2015,തസ്വഭവ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ (Utilisation Certificate Not Produced) സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ് (കേരള പഞ്ചായത്ത് രാജ് ആക്ട് 166വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക). ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും കൃത്യമായ മേൽനോട്ടം ഇല്ലാതെയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

B

| | |
|---|---|
| പ്രോജക്റ്റ് നം | 173/21 |
| പ്രോജക്റ്റിന്റെ പേര് | തെരുവ് വിളക്കു സാധന സാമഗ്രികൾ വാങ്ങൽ |
| അടങ്കൽ | 50,000/- വികസന ഫണ്ട്<br>3,00,000/- സി എഫ് സി |
| ചെലവ് | 3,50,000/- |
| ബിൽ നം | 36/28-4-20-3,00,000/-<br>35/28-4-20-50,000/- |

പദ്ധതി പ്രകാരം തെരുവ് വിളക്കു സാധന സാമഗ്രികൾ വാങ്ങുന്നതിനായി മേൽ പ്രകാരം തുക ക്രൂസിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ട താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

1. പഞ്ചായത്തിനാവശ്യമായ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്ക് ആവശ്യമായ ഉപകരണങ്ങളുടെ ആവശ്യകതാനിർണ്ണയം നടത്തുന്നതിന് അടിസ്ഥാനമാക്കിയ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2. ബന്ധപ്പെട്ട പർച്ചെയ്സിംഗ് കമ്മറ്റി തീരുമാനം ലഭ്യമാക്കിയില്ല

3. വാങ്ങിയ ഇനങ്ങളുടെ സ്റ്റോക്ക് വിതരണം എന്നിവയുടെ വിവരം ലഭ്യമാക്കിയില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.45ന് മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 പ്രൊക്യൂയർമെന്റ് കമ്മിറ്റി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയതി 08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്ത് സമാഹരിക്കേണ്ട സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

എന്നാൽ മേൽ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രോക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടുണ്ട്.

2020-21വാർഷിക പദ്ധതിയുടെ ഭാഗമായി സാധന സാമഗ്രികളുടെ വാങ്ങലുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം ഗ്രാമ പഞ്ചായത്തിൽ ഒരു പ്രാവശ്യം (22.03.2021)മാത്രമാണ് ചേർന്നത്. കോവിഡ് വ്യാപനം രൂക്ഷമായതിനാലാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ യോഗം ഒരു പ്രാവശ്യം മാത്രം ചേർന്നത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം. 44/16.06.2022) മറുപടി ലഭ്യമാക്കിയത്. പ്രസ്തുത യോഗം പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ/ക്വട്ടേഷൻ വ്യവസ്ഥയിൽ വാങ്ങുന്നതിന് വേണ്ടി വിഭാവനം ചെയ്തിരുന്ന പ്രോജക്ടുകളിൽ സാമ്പിളുകൾ ഹാജരാക്കിയതിൽ ഗുണനിലവാരം ബോധ്യപ്പെട്ടതിനാൽ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കാൻ നിർവ്വഹണോദ്യോഗസ്ഥർക്ക് അനുമതി നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ വിവിധ പദ്ധതികൾ പ്രകാരമുള്ള സാമ്പിളുകളുടെ ഗുണനിലവാര പരിശോധന, ടെണ്ടറുകളുടെ അംഗീകാരത്തിനുള്ള ശുപാർശ എന്നിവയെല്ലാം 22.03.2021ൽ ചേർന്ന യോഗത്തിലാണ് പരിശോധിച്ചത് എന്നാണ് മറുപടിയിൽ അറിയിച്ചത്.

ഏതെല്ലാം നിർവ്വഹണോദ്യോഗസ്ഥരുടെ ഏതെല്ലാം പ്രോജക്ടുകൾ പ്രകാരം സാമ്പിളുകൾ പരിശോധിച്ചെന്ന് മിനിട്സിൽ വ്യക്തമായി സൂചിപ്പിച്ചിട്ടില്ല. കൂടാതെ തെരുവു വിളക്കുകളുടെ പരിപാലനത്തിനുള്ള സാധനങ്ങളുടെ ടെണ്ടർ/ക്വട്ടേഷൻ പ്രകാരം സാമ്പിളുകൾ പരിശോധിച്ചതിന്റെയോ ടെണ്ടർ/ക്വട്ടേഷൻ അംഗീകരിച്ചതിന്റെയോ രേഖപ്പെടുത്തലുകൾ പ്രോക്യൂയർമെന്റ് കമ്മറ്റി മിനിട്സിലില്ല.

മിനിട്സ് ബുക്ക് പരിശോധിച്ചതിൽ നിന്നും , 2020-21 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ വാങ്ങൽ പ്രക്രിയ നടന്ന വിവിധ നിർവ്വഹണോദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ പ്രോക്യൂയർമെന്റ് കമ്മിറ്റിയുടെ സജീവ ഇടപെടൽ നടന്നതായി മിനിട്സ് ബുക്കിൽ രേഖകളില്ല.

08.11.2010 ലെ പ്രൊക്യുർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ഭാവിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. മണമ്പൂർ ഗ്രാമ പഞ്ചായത്തിൽ 2020-21സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ 18 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഒരു പ്രവൃത്തിയിൽ മാത്രമാണ് ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.2/06.06.2022)മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 ഓഡിറ്റ് ഇംപാക്ട്-കരാർ ചമയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല- ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് 11,409/- രൂപ ഒടുക്കുവരുത്തി

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. അസി.എഞ്ചിനീയർ 2020-21 കാലയളവിൽ നടപ്പിലാക്കിയ ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ കരാറുകാരനിൽ നിന്നും 1% പിഴ ഈടാക്കിയിരുന്നില്ല.

(1)

| | |
|---|---|
| പ്രോജക്ട് നം | 195/21 |
| പ്രോജക്ടിന്റെ പേര് | പുത്തൻകോട് തോട്ടയ്ക്കാട് റോഡ് പൈപ്പ് ലൈൻ റോഡ് കട്ടിംഗ് ഭാഗം മെയിന്റനൻസ് |
| കരാറുകാരൻ | ശ്രീ. ശംഭു.വി |
| അടങ്കൽ തുക | 1,50,000/- |
| ചെലവുതുക | 70,548/- |
| പി.എ.സി. | 1,11,100/- |
| സെലക്ഷൻ നോട്ടീസ് തീയതി | 24.10.2019 |
| കരാർ നംപർ, തീയതി | 44/AE/LSGD/MBR/19-20 തീ. 12.11.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 1,111/- |

(2)

| | |
|---|---|
| പ്രോജക്ട് നം | 202/21 |
| പ്രോജക്ടിന്റെ പേര് | സി.എച്ച്.സി. സബ്സെന്ററുകളുടെ മെയിന്റനൻസ് |
| കരാറുകാരൻ | ശ്രീ. ശംഭു.വി |

| | |
|---|---|
| അടങ്കൽ തുക | 8,40,000/- |
| ചെലവുതുക | 6,85,469/- |
| പി.എ.സി. | 7,14,233/- |
| സെലക്ഷൻ നോട്ടീസ് തീയതി | 14.01.2020 |
| കരാർ നംപർ, തീയതി | 55/AE/LSGD/MBR/19-20 തീ.13.03.2020 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 7,142/- |

(3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 135/21 |
| പ്രോജക്ടിന്റെ പേര് | തൊപ്പിച്ചന്ത തൈവിളാകം റോഡ് മെയിന്റനൻസ് |
| കരാറുകാരൻ | ശ്രീ. ശശികുമാർ |
| അടങ്കൽ തുക | 2,30,000/- |
| ചെലവുതുക | 2,23,354/- |
| പി.എ.സി. | 2,29,961/- |
| സെലക്ഷൻ നോട്ടീസ് തീയതി | 29.01.2019 |
| കരാർ നംപർ, തീയതി | 5/AE/LSGD/MBR/19-20 തീ.13.03.2020 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 2,300/- |

4)

| | |
|---|---|
| പ്രോജക്ട് നം | 133/21 |
| പ്രോജക്ടിന്റെ പേര് | കുടുംബക്ഷേമ കേന്ദ്രങ്ങളുടെ കുടിവെള്ള മെയിന്റനൻസ് |
| കരാറുകാരൻ | ശ്രീ. ശംഭു.വി. |
| അടങ്കൽ തുക | 1,00,000/- |
| ചെലവുതുക | 72,141/- |
| പി.എ.സി. | 85,598/- |
| സെലക്ഷൻ നോട്ടീസ് തീയതി | 05.11.2020 |
| കരാർ നംപർ, തീയതി | 51/AE/LSGD/MBR/20-21 തീ.22.12.2020 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 856/- |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (27/14.06.2022) നൽകിയതിനെ തുടർന്ന് 16.06.22 ലെ 1220100572/G010104 പ്രകാരം 11,409/- രൂപ (1,111+7,142+2,300+856) ഗ്രാമപഞ്ചായത്തിൽ ഒടുക്കവരുത്തി.

## 1-39 ദുരിതാശ്വാസ നിധി -2007 ന് ശേഷം അടിയന്തിര ധനസഹായം വിതരണം ചെയ്തിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്. ആയതു പ്രകാരം മണമ്പൂർ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുകയും ജില്ലാ സഹകരണ ബാങ്കിന്റെ കവലയൂർ ബ്രാഞ്ചിൽ അക്കൗണ്ട് നം.

020481201200001 പ്രകാരം സേവിംഗ്സ് ബാങ്ക് അക്കൗണ്ട് 06.11.2004 ൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത ദുരിതാശ്വാസ നിധി അക്കൗണ്ടിൽ 11,565/- രൂപ ബാലൻസ് ഉണ്ട് (19.09.2019 ലെ കണക്ക് പ്രകാരം). ദുരിതാശ്വാസ നിധിയിൽ നിന്നും നാളിതു വരെ 15,500/- രൂപ മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്. 18.04.2007 ന് ശേഷം അടിയന്തിര ധനസഹായം വിതരണം ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 16/09.06.2022) ലഭ്യമാക്കിയ മറുപടിയിൽ 18.04.2007 ന് ശേഷം അപേക്ഷകരില്ലാത്തതിനാൽ അടിയന്തിര ധനസഹായം വിതരണം ചെയ്തിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

അടിയന്തിര ഘട്ടങ്ങളിൽ ഒരു അപേക്ഷയുടെ അഭാവത്തിൽത്തന്നെ പ്രസിഡന്റിന് അർഹനായ ഒരു വ്യക്തിക്ക് അല്ലെങ്കിൽ കുടുംബത്തിന് 500/- രൂപ വരെ നിധിയിൽ നിന്ന് ധനസഹായം നൽകാവുന്നതാണ്. എന്നാൽ അപ്രകാരം ധനസഹായം നൽകുന്ന നടപടിക്ക് സബ് കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടതാണ്.

### 1-40 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മണ്ണൂർ ഗ്രാമ പഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-29/15.06.2022) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിലെ എല്ലാ റോഡുകളും ഉൾപ്പെടുത്തി ഒരു റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാൽ R Track എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തിലെ 298 റോഡുകളും മാപ്പ് ചെയ്യുകയും ആയതിന്റെ വെരിഫിക്കേഷൻ പ്രോസസ് നടന്നുകൊണ്ടിരിക്കുകയുമാണ് എന്നും പ്രസ്തുത പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 340000 | രണ്ടാം വിള നെൽകൃഷി വികസനം | 340000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 340000 | കേദാരം ഒന്നാം വിള സമഗ്രനെൽകൃഷി വികസനം | 340000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 185250 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 122625 | 62625 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 400000 | ലക്ഷം വീട് ന്യൂ ലൈഫ് | 350000 | 50000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 133800 | ലൈഫ് ഭവനപദ്ധതി | 133800 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | ക്ഷീരസമൃദ്ധി-ജനറൽ | 185816 | 14184 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | ക്ഷീരസമൃദ്ധി-വനിത | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | ക്ഷീരസമൃദ്ധി-വനിത | 133096 | 66904 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | ക്ഷീരസമൃദ്ധി-വനിത | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 17000 | ജൈവസമൃദ്ധി-പച്ചക്കറികൃഷി (വനിത) | 17000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 340000 | കേദാരം ഒന്നാം വിള സമഗ്രനെൽകൃഷി വികസനം | 340000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 340000 | കേദാരം രണ്ടാം വിള സമഗ്രനെൽകൃഷി വികസനം | 340000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5000000 | ലൈഫ് മിഷൻ ഫേസ് 3 ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങൽ (എസ്.സി) | 675000 | 4325000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 185250 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 185250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | അംഗൻവാടി പോഷകാഹാരം -ജനറൽ | 130000 | 70000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ലക്ഷം വീട് ന്യൂ ലൈഫ് | 80000 | 120000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1000000 | ലൈഫ് ഭവനപദ്ധതി | 320000 | 680000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 988226 | ലൈഫ് ഭവനപദ്ധതി- രണ്ടാം ഘട്ടം | 988226 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5000000 | ലൈഫ് മിഷൻ ഫേസ് 3 (ജനറൽ) | 800000 | 4200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ക്ഷീരസമൃദ്ധി-വനിത | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ക്ഷീരസമൃദ്ധി-വനിത | 110212 | 89788 |

| | 19-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 RP – 7, RP 31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 1861863 | 2967250 | 4829113 | 4275476 | 553637 | 553637 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 133800 | 1781749 | 1915549 | 1915549 | 0 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻ ബാക്കി | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | വിനിയോഗ സാക്ഷ്യപത്രം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | തുക | | ലഭിച്ച തുക | |
|---|---|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | 12,00,000 | 9,10,826 | 9,10,826 | 2,89,174 |
| KWA | ജലജീവൻ മിഷൻ പദ്ധതി | | - | - | - | 4,00,000 |
| KSEB | ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | | 92,321 | - | - | 92,321 |

| | 2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | യഥാർഥ നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 1163198 | 92321 | 1255519 | 135250 | 1120269 | 1027948 |
| വാട്ടർ അതോറിറ്റി | 4158122 | 1200000 | 5358122 | 2079233 | 3278889 | 3278889 |

*കെ.എസ്.ഇ.ബി. ക്ക് നൽകിയ തുക ഹെഡ് മാറി ബുക്ക് ചെയ്തതിനാൽ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രവും ലഭിച്ചിട്ടില്ല. B-18 പ്രകാരമുള്ള ചെലവ് നീക്കിയിരിപ്പ് എന്നിവയിലൊന്നും ടി തുക ഉൾപ്പെട്ടിട്ടില്ല. ചെലവുരേഖപ്പെടുത്തിയ ഇനങ്ങളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടുമില്ല.

** തൻ വർഷം നൽകിയ 1200000/- രൂപയിൽ 910826/- രൂപക്ക് 19-5-22 ന് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടുണ്ട്. ചെലവു രേഖപ്പെടുത്തിയ ഇനങ്ങളുടെ വിനിയോഗ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 18791765 | 1000000 | 2137098 | 17654667 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹത റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെട്ടിട്ടില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3,15,16,146 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,70,32,646 |
| ആകെ | 10,85,48,792 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,99,08,339 |
| നീക്കിയിരിപ്പ് | 1,86,40,453 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,02,837 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 2,25,264/ | ശ്രീ. ഉണ്ണികൃഷ്ണൻ നായർ, ഹെഡ് മാസ്റ്റർ (Rtd.), കുളമുട്ടം എൽ.പി.എസ്. |
| 1-34 | 5,77,573/- | 1,96,078/-ശ്രീമതി സിന്ധു. ആർ.എസ്. , സെക്രട്ടറി |
| | | 92,321/-ശ്രീ അജിത്കുമാർ.സി. , സെക്രട്ടറി |
| | | 2,89,174/-ശ്രീമതി ശ്രീലേഖ എൽ.എച്ച്. , സെക്രട്ടറി |
| ആകെ | 8,02,837/- | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. ഉണ്ണികൃഷ്ണൻ നായർ, ഹെഡ് മാസ്റ്റർ (Rtd.), കുളമുട്ടം എൽ.പി.എസ്. | സേവനത്തിൽ നിന്നും വിരമിച്ചു | അനിത ഭവൻ, വെള്ളല്ലൂർ പി.ഒ., കിളിമാനൂർ |
| 2 | ശ്രീമതി സിന്ധു. ആർ.എസ്., സെക്രട്ടറി | വിരമിച്ചു | വാറുവിളാകം, പുതുശ്ശേരിമുക്ക് പി.ഒ. കല്ലമ്പലം |
| 3 | ശ്രീ അജിത്കുമാർ.സി. , സെക്രട്ടറി | വിരമിച്ചു | അനില വിഹാർ, തങ്കരപ്പറമ്പ്, പോങ്ങനാട് |
| 4 | ശ്രീമതി ശ്രീലേഖ എൽ.എച്ച്, സെക്രട്ടറി | സെക്രട്ടറി, മണമ്പൂർ ഗ്രാമ പഞ്ചായത്ത് | ശ്രീനിലയം, പാളയംകുന്ന്. പി.ഒ, |

| | | | വർക്കല |
|---|---|---|---|

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/808/2018 തീയതി 11-05-2018 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/808/2018 തീയതി 23-07-2014 | 2 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/808/2018 11-05-2018 | 2 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/808/2018 11-05-2018 | 4 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/808/2018 11-05-2018 | 2 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/808/2018 11-05-2018 | 5 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി7/1190/2018, 2.6.18 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.7/1191/2018 തീ. 2-6-18 | 1 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/955/2019 തീ. 14.6.2019 | 2 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/955/2019 തീ. 14.6.2019 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/328/19 തീയതി 12.11.19 | 23 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/496/20 തീയതി 04.05.20 | 21 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/703/21 തീയതി 09.04.2021 | 57 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്